<u>ഭരണഭാഷ-മാതൃഭാഷ</u>


കൊച്ചി നഗരസഭ

**കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ**
**പിൻ കോഡ്- 682011**
**GSTIN:32AAALC1079K2ZB ഫോൺ നമ്പർ : 0484-2369007**
**https://kochicorporation.lsgkerala.gov.in, kochicorpsecretary@gmail.com**


**നമ്പർ: 5081576-2026** **തീയതി : 03-07-2026**

## താല്പര്യപത്രം ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം (Notice Inviting EOI)

**വിഷയം:** കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ 'Budget Monitoring Dashboard System & Plan Fund Monitoring Dashboard System' ഉൾപ്പെടുന്ന വെബ് അധിഷ്ഠിത എന്റർപ്രൈസ് ഗവേണൻസ് ഡാഷ്ബോർഡ് ആപ്ലിക്കേഷൻവികസിപ്പിച്ച് നടപ്പിലാക്കുന്നതിനായി താല്പര്യപത്രം (Expression of Interest - EOI) ക്ഷണിക്കുന്നു.

കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ 2026-27 സാമ്പത്തിക വർഷത്തെ ബജറ്റ് പദ്ധതികളും പ്ലാൻ ഫണ്ട് പദ്ധതികളുംസമയബന്ധിതമായി നടപ്പിലാക്കുന്നതിനും, അവയുടെ ഭൗതിക-സാമ്പത്തിക പുരോഗതി ഫലപ്രദമായി നിരീക്ഷിക്കുന്നതിനുമായി ഒരു **Web-Based Enterprise Governance Dashboard Application** വികസിപ്പിക്കാൻ നഗരസഭ ഉദ്ദേശിക്കുന്നു.

ഇതിലേക്ക് അനുയോജ്യമായ സോഫ്റ്റ്വെയർ മാതൃക/പ്രോട്ടോടൈപ്പ് (Software Model / Prototype) സമർപ്പിക്കുന്നതിനായി പ്രശസ്തരായ **IT Firms / Software Development Agencies / Startups / Government Empanelled Agencies** എന്നിവരിൽ നിന്നും താല്പര്യപത്രം (EOI) ക്ഷണിച്ചുകൊള്ളുന്നു.

### 1. പദ്ധതിയുടെ പശ്ചാത്തലവും ലക്ഷ്യവും

നിലവിൽ കൊച്ചി നഗരസഭയുടെ വിവിധ ബജറ്റ്-പ്ലാൻ പ്രോജക്റ്റുകളുടെ വിവരങ്ങൾ വ്യത്യസ്ത സെക്ഷനുകളിലുംഫയലുകളിലും എക്സൽ ഷീറ്റുകളിലുമായി ചിതറിക്കിടക്കുകയാണ്. പദ്ധതികളുടെ നിലവിലെ ഫയൽ നീക്കം, ഭരണാനുമതി/സാങ്കേതികാനുമതി ഘട്ടങ്ങൾ, ടെൻഡർ നടപടികൾ, ഫണ്ട് വിനിയോഗം, കാലതാമസത്തിനുള്ള കാരണങ്ങൾ എന്നിവ തത്സമയം (Real-time) വിലയിരുത്തുന്നതിന് ഏകീകൃത സംവിധാനം നിലവിലില്ല.

ബഹു. മേയർ, സെക്രട്ടറി, സ്റ്റാൻഡിംഗ് കമ്മിറ്റികൾ, ഇംപ്ലിമെന്റിംഗ് ഉദ്യോഗസ്ഥർ എന്നിവർക്ക് കൃത്യമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് (Decision Support System) താഴെ പറയുന്ന രണ്ട് പ്രധാന ഘടകങ്ങൾ

ഉൾക്കൊള്ളുന്നഡാഷ്ബോർഡ് വികസിപ്പിക്കുകയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം:

1. **Budget Monitoring Dashboard System**
2. **Plan Fund Monitoring Dashboard System**

## 2. നിർദ്ദിഷ്ട സോഫ്റ്റ്‌വെയറിന്റെ ഘടന (Scope of Work)

സമർപ്പിക്കപ്പെടുന്ന സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനിൽ താഴെ പറയുന്ന സൗകര്യങ്ങൾ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്:

### (A) Budget Monitoring Dashboard System

2026-27 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രോജക്ടുകളുടെ പുരോഗതി കൃത്യമായി ട്രാക്ക് ചെയ്യുന്നതിനായി താഴെ പറയുന്ന മോഡ്യൂളുകൾ ഉൾപ്പെടുത്തണം:

- **മാസ്റ്റർ ഡാറ്റാ എൻട്രി:** Budget Project Master Entry, Budget Serial Number / Budget Head, Project Name, Allocation Amount.
- **മാപ്പിംഗ് സംവിധാനം:** Standing Committee Mapping, Department / Section, Implementing Officer & Monitoring Officer Mapping.
- **ഫയൽ ട്രാക്കിംഗ്:** File Number, File Initiation Date, Current File Status, Estimate Status.
- **അനുമതികളും നടപടികളും:** Administrative Sanction (AS), Technical Sanction (TS), Tender / Quotation Stage, Work Order, Agreement Status.
- **പുരോഗതി വിലയിരുത്തൽ:** Physical Progress, Financial Progress, Pending Days Calculation, Delay Reason, Review Remarks, Action Taken Report (ATR).
- **വിവിധ തലങ്ങളിലുള്ള വ്യൂകൾ:** Officer-wise/Section-wise Pending List, Standing Committee-wise Review, Budget Monitoring Cell View, Mayor / Secretary Review Dashboard.
- **റിപ്പോർട്ടുകൾ:** തരംതിരിച്ചുള്ള റിപ്പോർട്ടുകൾ PDF / Excel ഫോർമാറ്റുകളിൽ ഡൗൺലോഡ് ചെയ്യാനുള്ളസൗകര്യം.
- **കളർ കോഡിംഗ് (Colour-Coded Status):** പദ്ധതികളുടെ അടിയന്തിര സ്വഭാവം മനസ്സിലാക്കുന്നതിനായി*Not Started, File Initiated, Estimate Stage, AS/TS Stage, Tender Stage, Work Order Stage, Work in Progress, Completed, Delayed* എന്നിവ കളർ കോഡിംഗ് വഴി പ്രകടമാക്കണം.

### (B) Plan Fund Monitoring Dashboard System

വാർഷിക പദ്ധതികളുടെ ആസൂത്രണം മുതൽ ഫണ്ട് വിനിയോഗം വരെയുള്ള ഘട്ടങ്ങൾ നിരീക്ഷിക്കുന്നതിനായി താഴെ പറയുന്നവ ഉൾപ്പെടുത്തണം:

- **പ്രോജക്റ്റ് വിവരങ്ങൾ:** Plan Fund Project Master Entry, Sulekha / Project Number, Fund Head / Fund Category, Allocation & Revised Allocation Amount.
- **കമ്മിറ്റി മാപ്പിംഗ്:** Working Group Mapping, Standing Committee Mapping, Development Standing Committee Consolidated View, Ward / Zone Mapping.
- **നിർവ്വഹണ ഘട്ടങ്ങൾ:** AS/TS Status, Estimate Amount, Tender & Work Order Status, Agreement Status, Work Start Date.
- **സാമ്പത്തിക പുരോഗതി:** Physical Progress Percentage, Milestone-based Progress, Bill Submitted/Passed Amount, Expenditure Amount, Balance Amount, Fund Utilisation Percentage, Treasury / Bill Status.
- **അപകടസാധ്യതാ നിർണ്ണയം:** Spill-over Risk Analysis, Pending Days, Delay Reason, Review Remarks, Action Taken Report.
- **വർക്കിംഗ് ഗ്രൂപ്പ് മാപ്പിംഗ്:** ഓരോ പ്ലാൻ പ്രോജക്റ്റുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ, യോഗ തീയതികൾ, മിനിറ്റ്സ് അപ്‌ലോഡിംഗ് സ്റ്റാറ്റസ്, ശുപാർശ ചെയ്ത പ്രൊപ്പോസലുകൾ എന്നിവ മാപ്പ് ചെയ്യാനുള്ള സൗകര്യം.
- **പ്രത്യേക റിപ്പോർട്ടുകൾ:** Section-wise Delay Report, Fund Head-wise Utilisation Report, Monthly Plan Fund Utilisation Report (PDF / Excel export).

## 3. AI Support / Officer Assistance Module (Optional & Desirable)

നഗരസഭയിലെ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഒരു **AI-enabled Officer Support Module**സംബന്ധിച്ച ആശയങ്ങൾ (Concept Note) കൂടി സ്ഥാപനങ്ങൾക്ക് സമർപ്പിക്കാവുന്നതാണ്.

- **ഉൾപ്പെടുത്തേണ്ടവ:** Estimate preparation checklist, TS workflow guidance, Municipal Rules/Acts/Government Orders/Plan Guidelines reference link support, Draft note & delay explanation generation, Next action suggestion, Project risk alert, Review meeting briefs, ATR draft support.
- **നിബന്ധന:** ഈ ഐ.ഐ മൊഡ്യൂൾ നൽകുന്ന വിവരങ്ങൾ അന്തിമ നിയമോപദേശമായോ ഉത്തരവായോ കണക്കാക്കില്ല. ഇത് ഉദ്യോഗസ്ഥർക്ക് ഒരു സഹായ സംവിധാനം (Productivity Assistance Tool) മാത്രമായിരിക്കും.

## 4. പൊതുവായ സാങ്കേതിക നിബന്ധനകൾ (General Technical Requirements)

- **ആർക്കിടെക്ചർ:** Web-based application, Role-Based Access Control (RBAC), Secure Login, User Activity Log, Audit Trail, Automatic Backup, API Security.

- **രൂപകൽപ്പന:** Mobile/Tablet/Laptop Responsive Design, Bilingual Interface (മലയാളം, ഇംഗ്ലീഷ്), Dashboard Filters, Search & Data upload facilities.

- **ഭാവി വികസനം (Future Integration Ready):** ഭാവിയിൽ തദ്ദേശവകുപ്പിന്റെ **K-SMART, സുലേഖ (Sulekha), ട്രഷറി/ബിൽ സിസ്റ്റം, ഫയൽ ട്രാക്കിംഗ് സിസ്റ്റം, GIS Mapping, Geo-tagged photo upload**എന്നിവയുമായി എളുപ്പത്തിൽ ബന്ധിപ്പിക്കാൻ (API Integration) സാധിക്കുന്ന വിധത്തിലായിരിക്കണം ഡാറ്റാബേസ് ഘടന രൂപകൽപ്പന ചെയ്യേണ്ടത്.

### 5. ഹോസ്റ്റിംഗും ഡാറ്റാ ഉടമസ്ഥതയും (Hosting & Data Ownership)

- സോഫ്റ്റ്‌വെയർ കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ ഡാറ്റാ സെന്ററിലോ അല്ലെങ്കിൽ കോർപ്പറേഷൻ നിശ്ചയിക്കുന്ന സുരക്ഷിതമായ അംഗീകൃത ക്ലൗഡ് എൻവയോൺമെന്റിലോ ഹോസ്റ്റ് ചെയ്യാൻ പാകത്തിലുള്ളതായിരിക്കണം.

- ഡാറ്റാബേസ് ഉടമസ്ഥത, ഡാറ്റാ എക്സ്പോർട്ട് അവകാശം, ബാക്കപ്പ് ഡാറ്റ, യൂസർ ലോഗ്സ്, സോഴ്സ് കോഡ്/കോൺഫിഗറേഷൻ ആക്സസ് എന്നിവ പൂർണ്ണമായും നഗരസഭയിൽ നിക്ഷിപ്തമായിരിക്കും. ഇതുമായി ബന്ധപ്പെട്ട അന്തിമ കരാർ വ്യവസ്ഥകൾ ഫിനാൻഷ്യൽ ടെൻഡർ ഘട്ടത്തിൽ നിശ്ചയിക്കുന്നതാണ്.

### 6. താല്പര്യപത്രത്തോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

EOI സമർപ്പിക്കുന്ന സ്ഥാപനങ്ങൾ താഴെ പറയുന്ന രേഖകൾ/വിവരങ്ങൾ പ്രൊപ്പോസലിനൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്:

1. സ്ഥാപനത്തിന്റെ പ്രൊഫൈൽ, രജിസ്ട്രേഷൻ/ഇൻകോർപ്പറേഷൻ സർട്ടിഫിക്കറ്റ്.
2. സ്റ്റാർട്ട് അപ്പ് ആണെങ്കിൽ ആയതിന്റെ രജിസ്ട്രേഷന് സർട്ടിഫിക്കറ്റ്
3. നിർദ്ദിഷ്ട സോഫ്റ്റ്‌വെയർ മാതൃകയുടെ വിശദമായ Concept Note (Budget & Plan Fund Systems).
4. ഉപയോഗിക്കാൻ ഉദ്ദേശിക്കുന്ന Technical Architecture & Technology Stack.
5. ഹോസ്റ്റിംഗ്, ഡാറ്റാ സെക്യൂരിറ്റി, ബാക്കപ്പ്, ഓഡിറ്റ് ലോഗ് പ്ലാൻ.
6. റോൾ ബേസ്ഡ് ആക്സസ് മോഡൽ വിവരങ്ങൾ.
7. ഡാറ്റാ മൈഗ്രേഷൻ / എക്സൽ അപ്‌ലോഡ് പിന്തുണയുള്ള പദ്ധതി.
8. ജീവനക്കാർക്കുള്ള പരിശീലനവും (User Training & Handholding) പരിപാലനവും (Maintenance) സംബന്ധിച്ച പ്ലാൻ.

9. പ്രോജക്റ്റ് നടപ്പിലാക്കുന്നതിനുള്ള സമയവിവരപ്പട്ടിക (Implementation Timeline).

10. **Budget & Plan Fund സിസ്റ്റങ്ങൾ പ്രത്യേകം വ്യക്തമാക്കുന്ന Prototype / Demo Model ലിങ്ക് അല്ലെങ്കിൽ പ്രസന്റേഷൻ.**

11. AI Support Module Concept Note (ലഭ്യമാണെങ്കിൽ).

## 7. പ്രോട്ടോടൈപ്പ് / ഡെമോ ആവശ്യകതകൾ (Prototype / Demo Requirements)

ഈ EOI-ൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾ പ്രൊപ്പോസലിനോടൊപ്പം നിർബന്ധമായും പ്രവർത്തനക്ഷമമായ ഒരു **Working Prototype / Demo Model** സമർപ്പിക്കേണ്ടതാണ്. ഡാഷ്ബോർഡ് ഡിസൈൻ സാധാരണ ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും എളുപ്പത്തിൽ മനസ്സിലാകുന്ന രീതിയിൽ ലളിതവും, വ്യക്തവും, കളർ കോഡഡ് (Simple, Clear, Colour-Coded and Non-cluttered) ആയിരിക്കണം.

സമർപ്പിക്കുന്ന ഡെമോ മോഡലിൽ താഴെ പറയുന്ന രണ്ട് സിസ്റ്റങ്ങൾക്കും വേണ്ടിയുള്ള sample views പ്രത്യേകം പ്രത്യേകം പ്രദർശിപ്പിക്കേണ്ടതാണ്:

### (A) Budget Monitoring Dashboard - ഡെമോ ആവശ്യകതകൾ:

- **Executive Budget Overview:** കോർപ്പറേഷന്റെ ആകെ ബജറ്റ് വിഹിതം, നിലവിൽ ആരംഭിച്ച പദ്ധതികൾ, വിവിധ സ്റ്റേജുകളിലുള്ള ഫയലുകളുടെ എണ്ണം എന്നിവ കളർ കോഡിംഗിലൂടെ ഒറ്റനോട്ടത്തിൽ മനസ്സിലാക്കാൻ സാധിക്കുന്ന പ്രധാന വ്യൂ.
- **Project Master Entry View:** ബജറ്റ് ഹെഡ്/സീരിയൽ നമ്പർ, പ്രോജക്റ്റ് പേര്, തുക, ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ, ഉദ്യോഗസ്ഥർ എന്നിവ മാപ്പ് ചെയ്യുന്ന സാമ്പിൾ വിൻഡോ.
- **Sanction & Tender Tracker:** പദ്ധതികളുടെ ഭരണാനുമതി (AS), സാങ്കേതികാനുമതി (TS), ടെൻഡർ നടപടികൾ, വർക്ക് ഓർഡർ എന്നിവയുടെ നിലവിലുള്ള പുരോഗതി കാണിക്കുന്ന ട്രാക്കിംഗ് വ്യൂ.
- **Officer / Section-wise Pending List:** ഫയലുകൾ ഏത് സെക്ഷനിലാണ് അല്ലെങ്കിൽ ഏത് ഉദ്യോഗസ്ഥന്റെ പക്കലാണ് നിലവിലുള്ളതെന്നും, എത്ര ദിവസമായി തടസ്സപ്പെട്ട് കിടക്കുന്നുവെന്നും വ്യക്തമാക്കുന്ന വൈകല്യ റിപ്പോർട്ട് (Delay Report).
- **Review Meeting & ATR View:** അവലോകന യോഗങ്ങളിലെ തീരുമാനങ്ങളും അതിന്മേൽ സ്വീകരിച്ച നടപടികളും (Action Taken Report) രേഖപ്പെടുത്തുന്ന സാമ്പിൾ സ്ക്രീൻ.

### (B) Plan Fund Monitoring Dashboard - ഡെമോ ആവശ്യകതകൾ:

- **Plan Fund Consolidated Dashboard:** വാർഷിക പദ്ധതികളുടെ ആകെ തുക, സുലേഖ പ്രോജക്റ്റ് നമ്പറുകൾ, വിനിയോഗിച്ച തുക (Expenditure), ട്രഷറി/ബിൽ നില എന്നിവ കാണിക്കുന്ന ഡെവലപ്മെന്റ് സ്റ്റാൻഡിംഗ് കമ്മിറ്റി കൺസോളിഡേറ്റഡ് വ്യൂ.

- **Working Group Mapping View:** ഓരോ പ്ലാൻ പ്രോജക്ടുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ, യോഗ തീയതികൾ, മിനിറ്റ്സ് അപ്‌ലോഡിംഗ് സ്റ്റാറ്റസ് എന്നിവ പരിശോധിക്കാനുള്ള സൗകര്യം.

- **Milestone & Physical Progress View:** പദ്ധതികളുടെ വാർഡ്/സോൺ അടിസ്ഥാനത്തിലുള്ള ഭൗതിക പുരോഗതിയുടെ ശതമാനവും (Physical Progress Percentage) നിർമ്മാണ ഘട്ടങ്ങളും കാണിക്കുന്ന വ്യൂ.

- **Financial & Bill Tracking View:** സമർപ്പിച്ച ബില്ലുകൾ, പാസ്സായ തുക, ഇനി ബാക്കിയുള്ള തുക (Balance Amount), സ്പിൽ-ഓവർ സാധ്യത മുൻകൂട്ടി പ്രവചിക്കുന്ന സാമ്പിൾ ഇൻഡിക്കേറ്റർ (Spill-over Risk View).

- **Monthly Utilisation & Reports View:** ഫണ്ട് ഹെഡ് അടിസ്ഥാനമാക്കിയുള്ള പ്രതിമാസ പ്ലാൻ ഫണ്ട് വിനിയോഗ റിപ്പോർട്ടുകൾ PDF / Excel ഫോർമാറ്റിലേക്ക് എക്സ്പോർട്ട് ചെയ്യുന്ന സാമ്പിൾ വിൻഡോ.

### (C) പൊതുവായ ഡെമോ ആവശ്യകതകൾ (Common Demo Views):

- **Role-Based Login Sample:** മേയർ, സെക്രട്ടറി, സെക്ഷൻ ക്ലർക്ക് തുടങ്ങിയവർക്ക് അവരുടെ പദവിക്ക് അനുസൃതമായി ഡാറ്റ കാണാനും എഡിറ്റ് ചെയ്യാനും സാധിക്കുന്ന ലോഗിൻ മാതൃക.

- **Audit Log Sample:** സോഫ്റ്റ്‌വെയറിലെ ഡാറ്റാ മാറ്റങ്ങൾ ട്രാക്ക് ചെയ്യുന്ന യൂസർ ആക്ടിവിറ്റി ലോഗ് മാതൃക.

- **AI Support Sample (Optional):** നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ, എമർജൻസി റിസ്ക് അലേർട്ടുകൾ, ഡ്രാഫ്റ്റ്നോട്ട് ജനറേഷൻ എന്നിവയുടെ ഒരു ലളിതമായ കൺസെപ്റ്റ് വ്യൂ.

## 8. തിരഞ്ഞെടുപ്പ് പ്രക്രിയ (Selection Process & Procurement Norms)

- ഈ EOI വിജ്ഞാപനം തികച്ചും സാങ്കേതിക മാതൃകകളും ഉചിതമായ സ്പെസിഫിക്കേഷനുകളും കണ്ടെത്തുന്നതിന് വേണ്ടിയുള്ളതു മാത്രമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ നേരിട്ട് വർക്ക് ഓർഡർ നൽകുന്നതല്ല.

- ലഭിക്കുന്ന പ്രൊപ്പോസലുകളും പ്രോട്ടോടൈപ്പുകളും നഗരസഭയുടെ **Procuring Committee** വിലയിരുത്തുകയും കോർപ്പറേഷന് ഏറ്റവും അനുയോജ്യമായ സാങ്കേതിക മാനദണ്ഡങ്ങൾ (Technical Specifications) ശുപാർശ ചെയ്യുകയും ചെയ്യും.

- പ്രസ്തുത ടെക്നിക്കൽ സ്പെസിഫിക്കേഷന്റെ അടിസ്ഥാനത്തിൽ പിന്നീട് നിയമാനുസൃതമായ ഫിനാൻഷ്യൽടെൻഡർ/ക്വട്ടേഷൻ നടപടികൾ സ്വീകരിച്ച്, ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തുന്ന യോഗ്യരായ **L1 ബിഡ്ഡറെ**(L1 Bidder) സുതാര്യമായി തിരഞ്ഞെടുക്കുന്നതാണ്.

## 9. ഇംപ്ലിമെന്റേഷൻ സമയപരിധിയും പ്രധാന വ്യവസ്ഥകളും

- വർക്ക് ഓർഡർ ലഭിക്കുന്ന ഏജൻസി **30 മുതൽ 45 ദിവസത്തിനകം** സോഫ്റ്റ്‌വെയർ പൂർണ്ണ സജ്ജമാക്കി നൽകേണ്ടതാണ്.

- ആവശ്യമായ ആവശ്യകതകൾ നിർണ്ണയിക്കൽ (Requirement Finalisation), UI/UX രൂപകൽപ്പന, ടെസ്റ്റിംഗ്, പൈലറ്റ് വിന്യാസം, ജീവനക്കാരുടെ പരിശീലനം, ഡാറ്റാ അപ്‌ലോഡിംഗ് എന്നിവ ഏജൻസിയുടെ ചുമതലയായിരിക്കും.

- അന്തിമ കരാർ വ്യവസ്ഥകളിൽ കാലതാമസത്തിനുള്ള പെനാൽറ്റി ക്ലോസ് (Penalty Clause), നാഴികക്കല്ലുകൾ അടിസ്ഥാനമാക്കിയുള്ള പേയ്മെന്റ് (Milestone Payment) എന്നിവ ഉൾപ്പെടുത്തുന്നതാണ്. യാതൊരു കാരണവശാലും മുൻകൂർ തുക (Advance Payment) അനുവദിക്കുന്നതല്ല.

## 10. പൊതുവായ നിബന്ധനകൾ

- ഈ EOI നടപടികൾ ഭേദഗതി ചെയ്യുന്നതിനും, സമയപരിധി നീട്ടുന്നതിനും, ലഭിച്ച അപേക്ഷകൾ യാതൊരുകാരണവും ബോധിപ്പിക്കാതെ നിരസിക്കുന്നതിനും അല്ലെങ്കിൽ റദ്ദാക്കുന്നതിനുമുള്ള പൂർണ്ണ അധികാരം കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്.

- EOI സമർപ്പിച്ച എന്നതുമാത്രം കൊണ്ട് യാതൊരുവിധ സാമ്പത്തിക അല്ലെങ്കിൽ കരാർ അവകാശങ്ങൾക്കുംസ്ഥാപനങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

## 11. സമയവിവരപ്പട്ടിക (Submission Timeline)

| ക്രമനമ്പർ | വിവരങ്ങൾ | തീയതിയും സമയവും |
|---|---|---|
| 1 | EOI വിജ്ഞാപന തീയതി | .03/07./2026 |
| 2 | താല്പര്യപത്രം സമർപ്പിക്കേണ്ട അവസാന തീയതി | **10**./07/2026, **വൈകിട്ട് 5.00 മണിവരെ** |

## 12. സമർപ്പിക്കേണ്ട വിലാസവും മറ്റ് വിവരങ്ങളും

താല്പര്യമുള്ള സ്ഥാപനങ്ങൾ തങ്ങളുടെ വിശദമായ പ്രൊപ്പോസലുകൾ അടങ്ങിയ കവറിന് മുകളിൽ **"Expression of Interest for Budget Monitoring Dashboard System and Plan Fund Monitoring Dashboard System – Kochi Municipal Corporation"** എന്ന് വ്യക്തമായി രേഖപ്പെടുത്തി താഴെ പറയുന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ നിശ്ചിത സമയത്തിനകം സമർപ്പിക്കേണ്ടതാണ്.

**മേൽവിലാസം:**

**സെക്രട്ടറി**

ൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

പിബി നമ്പർ - 1018

അബ്ദുൾ കലാം മാർഗിന് സമീപം

മറൈൻ ഡ്രൈവ്

എറണാകുളം നോർത്ത്

കേരളം, പിൻ - 682018

**ഇമെയിൽ:** kmccmas@gmail.com

**ഫോൺ നമ്പർ:**2369007,2369196

**ബന്ധപ്പെടേണ്ട വ്യക്തികൾ :**

1.Plato William -9388894539, IT Officer ,

2.Philin P james -90486096155 Project officer

**ഓഫീസ് സമയം:** രാവിലെ 10:15 മുതൽ വൈകിട്ട് 5:15 വരെ

**സെക്രട്ടറി**

**കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ**

OFFICE OF THE KOCHI MUNICIPAL CORPORATION
★ ERNAKULAM, COCHIN-11 ★